## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 588 | 28.09.2011 - ൽ മറുപടിക്ക് |
|---|---|

| വ്യാജ മരുന്നുകൾ |
|---|

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. സി. മമ്മൂട്ടി:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മരുന്നു വിപണിയിൽ ചൈനീസ് വ്യാജ മരുന്നുകൾ നിർബാധം വിറ്റഴിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില മലയാള മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ വിഷയം പരിശോധിക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;<br>എങ്കിൽ വിശദമാക്കുമോ; | (ബി) | രാജ്യത്ത് മരുന്നുകളുടെ ഇറക്കുമതി നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന Central Drugs Standard Control Organization (CDSCO) ആണ്. നമ്മുടെ രാജ്യത്ത് ആവശ്യമുള്ള ഒട്ടുമിക്ക മരുന്നുകളും ഇവിടെ തന്നെ നിർമ്മിച്ച് വിതരണം ചെയ്യപ്പെടുന്നവയാണ്. ഹൃദയ, രക്ത, വൃക്ക, ക്യാൻസർ സംബന്ധമായ ചില മരുന്നുകൾ മാത്രമാണ് ഇറക്കുമതി ചെയ്യപ്പെടുന്നത്. എന്നാൽ രാജ്യത്ത് നിർമ്മിക്കപ്പെടുന്ന മരുന്നുകളുടെ രാസഘടകങ്ങൾ (Active Pharmaceutical Ingredients) പുറം രാജ്യങ്ങളിൽ നിന്ന് നിയമവിധേയമായി ഇറക്കുമതി ചെയ്യപ്പെടുന്നവയാണ്. കേന്ദ്ര ആക്ടായ Drugs & Cosmetics Act 1940 – യിൽ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായാണ് ഇത്തരത്തിലുള്ള Active Pharmaceutical Ingre- dient (API) ഇറക്കുമതി ചെയ്യുന്നത്. Central Drugs Standard Control |

| | | | |
|---|---|---|---|
| | | | Organization ഇപ്രകാരമുള്ള ഇറക്കുമതികൾ വളരെ കർശനമായി നിരീക്ഷിച്ചു വരുന്നു. ഇറക്കുമതി ചെയ്യപ്പെടുന്ന Active Pharmaceutical Ingredient എല്ലാ ടെസ്റ്റുകളും പാസായാൽ മാത്രമേ, CDSCO, ഇവ കമ്പനികൾക്ക് വിട്ടു കൊടുക്കുകയുള്ളൂ. അയൽ രാജ്യമായ ചൈനയിൽ നിന്ന് താരതമ്യേന കുറഞ്ഞ വിലയ്ക്ക് ഇവ ലഭിക്കുന്നതിനാൽ കൂടുതൽ ഇറക്കുമതി ഈ രാജ്യത്ത് നിന്നാണ് നടത്തുന്നത്. മരുന്നിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങളിൽ പലവിധ പരിശോധനകൾക്ക് വിധേയമാക്കുന്നതിനാൽ, ഗുണനിലവാരമുള്ള മരുന്നുകൾ മാത്രമേ വിപണിയിൽ എത്തുന്നുള്ളൂ. |
| (സി) | ചൈനീസ് വ്യാജമരുന്നുകൾക്കൊപ്പം തദ്ദേശീയമായി നിർമ്മിക്കുന്ന ഗുണനിലവാരമില്ലാത്ത വ്യാജമരുന്നുകളും വിപണിയിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | തദ്ദേശീയമായി നിർമ്മിക്കുന്ന ഗുണനിലവാരമില്ലാത്ത വ്യാജ മരുന്നുകൾ കേരള വിപണിയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മരുന്നിന്റെ രാസഘടകങ്ങൾ ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്ത് ഇവിടെവച്ച് സംയോജിപ്പിച്ച് വ്യാജ ലേബലുകളിൽ പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ സംസ്ഥാനത്തിനകത്തും പ്രവർത്തിക്കുന്നുണ്ടെന്ന റിപ്പോർട്ടുകളെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | മരുന്നിന്റെ രാസഘടകങ്ങൾ ചൈന ഉൾപ്പെടെ വിവിധ രാജ്യങ്ങളിൽ നിന്ന് നിയമവിധേയമായി ഇറക്കുമതി ചെയ്ത് ഇവിടെ വച്ച് സംയോജിപ്പിച്ച് (Formulate) വിവിധ ഔഷധ രൂപങ്ങളാക്കാറുണ്ട് (Tablet, Capsules, Syrups മുതലായവ). ഇതിന് ആധുനികമായ സാങ്കേതികതയും, വിദഗ്ദ്ധരുടെ സേവനവും ആവശ്യമാണ്. വ്യാജ ലേബലുകളിൽ പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യുന്ന കേന്ദ്രങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നതായി ഇതുവരെ കണ്ടെത്തിയിട്ടില്ല. |
| (ഇ) | സംസ്ഥാനത്ത് പ്രതിവർഷം വിറ്റഴിക്കുന്ന മരുന്നിന്റെ വില സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ? | (ഇ) | സംസ്ഥാനത്ത് പ്രതിവർഷം വിറ്റഴിക്കപ്പെടുന്ന മരുന്നിന്റെ മൂല്യം, ആധികാരികമായി ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ആഫീസർ